**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2264** **30-09-2025 - ൽ മറുപടിയ്ക്ക്**

**എലിപ്പനി വർദ്ധിച്ചു വരുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എലിപ്പനിയും മരണ നിരക്കും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | എലിപ്പനിയുൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. എലിപ്പനി രോഗ പ്രതിരോധത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | എലിപ്പനിയുൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. എലിപ്പനി രോഗ പ്രതിരോധത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (സി) | ഈ രോഗബാധ പടർന്നുപിടിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചു വരുന്നത്; രോഗബാധയെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | എലിപ്പനിയുൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. എലിപ്പനി രോഗ പ്രതിരോധത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## എലിപ്പനി രോഗ പ്രതിരോധത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ

എലിപ്പനി പ്രതിരോധത്തിനായി ആരോഗ്യ ജാഗ്രത കലണ്ടർ 2025 പ്രകാരമുള്ള പ്രതിരോധ പ്രവർത്തനങ്ങളും അതോടൊപ്പം ചുവടെ ചേർത്ത പ്രവർത്തനങ്ങളും നടന്നുവരുന്നു.

- ഫീൽഡ് തലത്തിൽ ആശാവർക്കർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, എം.എൽ.എസ്.പി എന്നിവർ അടങ്ങുന്ന ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങൾ ഫീൽഡ് തലത്തിൽ ഭവന സന്ദർശനം നടത്തുകയും എലിപ്പനി സംബന്ധമായ രോഗലക്ഷണങ്ങൾ ഉള്ളവർക്ക് ശരിയായ ചികിത്സയും രോഗനിർണയവും ഉറപ്പാക്കുകയും ചെയ്യുന്നു.
- രോഗലക്ഷണങ്ങൾ ഉള്ളവരുടെയും രോഗം സ്ഥിരീകരിച്ചവരുടെയും ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെയും വിവരങ്ങൾ എല്ലാ ദിവസവും ഐഎച്ച്ഐപി- ഐഡിഎസ്പി റിപ്പോർട്ടിങ്ങിലൂടെ അതത് മെഡിക്കൽ ഓഫീസർമാരെ അറിയിക്കുകയും അവിടെ നിന്നും ജില്ലാ സർവൈലൻസ് ഓഫീസിലേക്കും തുടർന്ന് സംസ്ഥാന സർവൈലൻസ് ഓഫീസിലേക്കും ഈ വിവരം ലഭ്യമാവുകയും ചെയ്യുന്നു. ജില്ലാ, സംസ്ഥാനതലത്തിൽ എലിപ്പനി കേസുകളും മരണങ്ങളും സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്യുകയും വേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.
- Doxycyclin prophylaxis, ഹൈ റിസ്ക് വിഭാഗത്തിലുള്ള തൊഴിലുറപ്പ് ജീവനക്കാർ, കൃഷിപ്പണിക്കാർ എന്നിവർ ഉൾപ്പെടെയുള്ളവർക്ക് കൃത്യമായ സമയത്ത് ലഭ്യമാകുന്നുണ്ടെന്നും അവർ അത് കൃത്യമായി കഴിക്കുന്നുണ്ടെന്നും ഉറപ്പുവരുത്താനുള്ള ചുമതല ഫീൽഡ് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് രേഖകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.
- പബ്ലിക് ഹെൽത്ത് ആക്ട് 2023 പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രാദേശിക പബ്ലിക് ഹെൽത്ത് കമ്മിറ്റി യോഗങ്ങൾ കൃത്യമായി നടത്തുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.
- സംസ്ഥാന തലത്തിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സീനിയർ ഉദ്യോഗസ്ഥരുടെയും ജില്ലാ മെഡിക്കൽ ഓഫീസർമാരുൾപ്പെടെ ജില്ലാതല ഓഫീസർമാരുടെയും അവലോകന യോഗങ്ങൾ ഇടയ്ക്കിടെ ചേർന്ന് സ്ഥിതി വിലയിരുത്തുകയും മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിൽ പകർച്ചവ്യാധികളുടെ സ്ഥിതിവിവരം ചർച്ച ചെയ്ത് വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നു. എല്ലാ ആഴ്ചയിലും ജില്ലാ സർവെയിലൻസ് ഓഫീസർമാരുടെ അവലോകന യോഗം കൃത്യമായി നടന്നുവരുന്നു. അവലോകന യോഗത്തിൽ ഓരോ ജില്ലയിലെയും കേസുകളുടെ നിരക്കും സാന്ദ്രതയും അവലോകനം ചെയ്ത് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനതലത്തിൽ നിന്നും നൽകുകയും ആവശ്യമുണ്ടെങ്കിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദഗ്ധ സംഘത്തെ ജില്ലകളിലേക്ക് അയക്കുകയും ചെയ്യുന്നു.
- RPIED സെൽ മുഖേന ദിവസേനയുള്ള പനി വിവരങ്ങളുടെ കണക്കെടുക്കുകയും, എലിപ്പനി ശ്രദ്ധയിൽപ്പെട്ടാൽ അത് ഫോൺ മുഖേനയും ഇ-മെയിൽ മുഖേനയും മേലധികാരികളെ അറിയിക്കുകയും എലിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട ഭാഗങ്ങളിൽ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ആവശ്യമായ നടപടി നിർദ്ദേശം നൽകുകയും ചെയ്യുന്നു.
- രോഗ സാധ്യത കൂടുതലുള്ള, മലിനജലവുമായി കൂടുതൽ സമ്പർക്കം പുലർത്തുന്ന വിഭാഗങ്ങളായ തൊഴിലുറപ്പ് തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ തുടങ്ങിയവർക്ക് രോഗം വരുന്നത് തടയാൻ ആഴ്ചയിലൊരിക്കൽ 200 മി. ഗ്രാം ഡോക്സി സൈക്ലിൻ ഗുളിക കഴിക്കേണ്ടതിന്റെ പ്രാധാന്യം, സ്വയം ചികിത്സയുടെ അപകടം, പനി ബാധിച്ചാൽ എത്രയും വേഗം വിദഗ്ധ ചികിത്സ തേടുക, കെട്ടിനിൽക്കുന്ന വെള്ളത്തിൽ

കുട്ടികളെ കളിക്കാൻ അനുവദിക്കാതിരിക്കുക, ഭക്ഷണാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക, ആഹാരവും വെള്ളവും എലി മൂത്രം വീഴാതെ അടച്ചു വെയ്ക്കുക തുടങ്ങിയ സന്ദേശങ്ങൾ വിവിധ മാർഗ്ഗങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

- അങ്കണവാടി പ്രവർത്തകർക്കും ഹെൽപ്പർമാർക്കും അവരുടെ ബ്ലോക്ക്തല യോഗങ്ങളിൽ ഓറിയന്റേഷൻ പരിപാടി
- മദേഴ്സ് മീറ്റിംഗുകളിൽ എലിപ്പനി പ്രതിരോധം സംബന്ധിച്ച് അങ്കണവാടി പ്രവർത്തകരുടെ ക്ലാസ്
- ക്ഷീര കർഷകർക്കും എൻ.ആർ.ഇ.ജി. മേറ്റ്സിനും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ബോധവത്കരണ ക്ലാസ്
- എൻ.ആർ.ഇ.ജി. സൈറ്റുകളിൽ എൻ.ആർ.ഇ.ജി. മേറ്റ് സിന്റെ നേതൃത്വത്തിൽ ക്ലാസ്
- എലിപ്പനി ജാഗ്രതാ നിർദ്ദേശങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും സംബന്ധിച്ച് പാൽ സൊസൈറ്റി ഔട്ട്ലെറ്റുകളിൽ പ്രദർശിപ്പിക്കൽ
- ക്ഷീര വികസന വകുപ്പിന്റെ സഹകരണത്തോടെ ക്ഷീര കർഷക സാമൂഹ്യ മാധ്യമ കൂട്ടായ്മകളിലൂടെ എലിപ്പനി ബോധവൽക്കരണ ഡിജിറ്റൽ പോസ്റ്ററുകളും വീഡിയോകളും ഷെയർ ചെയ്യൽ
- കൃഷി വകുപ്പിന്റെ സഹകരണത്തോടെ കർഷക സംഘം യോഗങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ക്ലാസ്
- കുടുംബശ്രീ ആരോഗ്യദായക വോളണ്ടിയർമാർക്കായി തദ്ദേശ സ്ഥാപനതല ബോധവൽക്കരണ ക്യാമ്പ്
- കുടുംബശ്രീ പ്രതിവാര യോഗങ്ങളിൽ ആരോഗ്യദായക വോളണ്ടിയർമാരുടെ ക്ലാസ്
- എല്ലാ സ്കൂളുകളിലും എല്ലാ ക്ലാസുകളിലും അധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ്
- കോളേജുകളിലെയും ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാർക്കായി ബോധവൽക്കരണ പരിപാടി (ഓൺലൈനായും നടത്താവുന്നതാണ്)
- ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ എൻ.എസ്.എസ് വോളണ്ടിയർമാർക്ക് ക്ലാസ്
- എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലെയും ഒ.പി കാത്തിരിപ്പ് സ്ഥലങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ക്ലാസ്
- പ്രാദേശിക റേഡിയോവിലൂടെ പ്രഭാഷണം
- സമൂഹമാധ്യമങ്ങളിലൂടെ തുടർച്ചയായി നൽകുന്ന എലിപ്പനി പ്രതിരോധം സംബന്ധിച്ച സന്ദേശങ്ങൾ
- മഴക്കാലത്ത് പ്രത്യേകിച്ച് വെള്ളപ്പൊക്കം ഉണ്ടാകുന്ന പ്രദേശങ്ങളിൽ എലിപ്പനി സാധ്യത കൂടുതലായതിനാൽ എല്ലാ വിഭാഗം ജനങ്ങളും പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ
- എല്ലാ ജില്ലയിലും എലിപ്പനി അവബോധത്തിനും പ്രതിരോധ പ്രവർത്തനങ്ങൾക്കും വേണ്ടി പ്രത്യേക ക്യാമ്പയിൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തുകയും ജില്ലാ മാസ്സ് മീഡിയ ഓഫീസർമാർ തയ്യാറാക്കിയ കർമ്മപദ്ധതികൾ സംസ്ഥാന തലത്തിൽ വിശകലനം ചെയ്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്
- RPEID സെൽ മുഖേന സ്കൂളുകളിലും മറ്റു പൊതുസ്ഥാപനങ്ങളിലും എലിപ്പനി അടക്കമുള്ള സാംക്രമികരോഗങ്ങൾക്കെതിരെ ബോധവത്കരണ ക്ലാസുകൾ നടത്തിവരുന്നു. കൂടാതെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന അർബൻ സെന്ററിലും റൂറൽ സെന്ററിലും ബോധവൽക്കരണ ക്ലാസുകൾ നിരന്തരം നടത്തിവരുന്നു